വാടാനപ്പള്ളിയിലും കയ്പമംഗലത്തും 33 കെ.വി. സബ്സ്റ്റേഷനുകൾ നിർമ്മിക്കാൻ നടപടി

102 (2680) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളിയിലും, കയ്പമംഗലത്തും 33 കെ.വി.സബ്സ്റ്റേഷനുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സബ്സ്റ്റേഷനുകളുടെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിൽ ഓരോ സബ് സ്റ്റേഷനുകൾക്കും എന്തു തുക ചെലവാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മേല്പറഞ്ഞ സബ്സ്റ്റേഷനുകളുടെ പണിക്കുള്ള ടെന്റർ ഷെഡ്യൂൾ പരിശോധിച്ചു വരികയാണ്.

(ഡി) ഓരോ സബ്സ്റ്റേഷനും 176 ലക്ഷം രൂപ വീതം ചെലവാകുമെന്നാണ് ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്.

എളയാവൂർ ടെമ്പിൾ റോഡ് പ്രദേശത്തെ വൈദ്യുതി തടസ്സം നീക്കാൻ നടപടി

103 (2681) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ താഴെ ചൊവ്വ സബ്സ്റ്റേഷന്റെ കീഴിൽ വരുന്ന എളയാവൂർ ടെമ്പിൾ റോഡ് പ്രദേശത്തെ ഇരുപതോളം വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം നേരിടുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ ;

(സി) നടപടി എടുത്തില്ലെങ്കിൽ പരാതി പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly